E-mail: srsthiruvalla@kau.in
Phone: 0469 2604181

# കേരള കാർഷിക സർവ്വകലാശാല

## കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ.പി.ഒ., തിരുവല്ല - 689 102

---

നം. എ.ആർ.എസ്. II/661/2022 — തിരുവല്ല, തീയ്യതി: 17.05.2023

## പുനർ - ദർഘാസ് പരസ്യം

തിരുവല്ല കാർഷിക ഗവേഷണ കേന്ദ്രത്തിൽ അതിശക്തമായ കാറ്റിലും മഴയിലും കടപുഴകി വീണ ഒരു പ്ലാവ് നമ്പർ 22 (വണ്ണം: 800 x 130 സെ. മി.) (അളവ്: 0.845 എം$^3$) **25-05-2023** ന് പകൽ **11.30** മണിക്ക് പുനർ ലേലം മുഖേനെ വിൽക്കുന്നതാണ്.

ദർഘാസുകൾ മുദ്രവെച്ച കവറിൽ ''പ്ലാവിന്റെ പുനർ ലേലം'' എന്ന മേലെഴുത്തോടുകൂടി പ്രൊഫസർ ആന്റ് ഹെഡ്, കാർഷിക ഗവേഷണ കേന്ദ്രം, കല്ലുങ്കൽ പി. ഒ., തിരുവല്ല - 689 102 എന്ന മേൽ വിലാസത്തിൽ **25-05-2023** ന് പകൽ **11.00** മണിയ്ക്ക് മുമ്പായി ലഭിക്കത്തക്കവിധം അയയ്ക്കുകയോ നേരിട്ട് എത്തിയ്ക്കുകയോ ചെയ്യേണ്ടതാണ്. അന്നേ ദിവസം പകൽ **11.30** ന് അപ്പോൾ ഹാജരായിട്ടുള്ള ദർഘാസുകാരുടെയോ അവരുടെ പ്രതിനിധികളുടെയോ സാനിദ്ധ്യത്തിൽ നടക്കുന്ന തുറന്ന ദർഘാസിൽ ഏറ്റവും ഉയർന്ന നിരക്ക് രേഖപ്പെടുത്തുന്ന ദർഘാസ് നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുന്നതായിരിക്കും. ദർഘാസിൽ പങ്കെടുക്കുന്നവർ 1000/- രൂപ (ആയിരം രൂപ) നിരതദ്രവ്യമായി ഈ ഓഫീസിൽ കെട്ടിവെയ്ക്കേണ്ടതാണ്.

ലേലം ഉറപ്പിക്കുന്ന പക്ഷം മരത്തിന്റെ ആകെ വിലയുടെ മൂന്നിലൊന്നു തുക (നിരതദ്രവ്യം ഉൾപ്പെടെ) ഉടൻ തന്നെ ഈ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ബാക്കി തുക 10 ദിവസത്തിനകം ഈ ഓഫീസിൽ ഒടുക്കി രസീതു കൈപ്പറ്റേണ്ടതും ഈ സ്റ്റേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ മാത്രം തടികൾ ഈ സ്റ്റേഷനിൽ നിന്നും നിക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷൻ തുകയോടൊപ്പം നിയമാനുസൃതമുള്ള 5% വനവികസന നികുതിയും, വനവികസന നികുതിയുടേയും, വിൽപ്പന വിലയുടേയും 18% ജി. എസ്. ടി. യും മറ്റ് നിയമാനുസൃത നികുതികളും കൃത്യമായി ഒടുക്കുവാൻ ക്വട്ടേഷൻ കൊണ്ടയാൾ ബാദ്ധ്യസ്ഥനായിരിക്കും.

ലേല വസ്തുക്കൾ സ്വന്തം ചെലവിൽ മുറിച്ചു കൊണ്ടുപോകേണ്ടത് ലേലം കൊള്ളുന്നയാളുടെ പൂർണ്ണ ഉത്തരവാദിത്തമായിരിക്കും. ലേല വസ്തുകൾ ഈ സ്റ്റേഷനിൽ നിന്നും പുറത്തു കൊണ്ടു പോകുമ്പോൾ ഈ സ്റ്റേഷനിലെ സ്ഥാവര ജംഗമവസ്തുക്കൾക്കോ, മരങ്ങൾക്കോ, കൃഷിയ്ക്കോ, പൊതുജനങ്ങൾക്കോ യാതൊരുവിധ

നാശനഷ്ടങ്ങളും ഉണ്ടാകുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് ക്വട്ടേഷൻ കൊള്ളുന്നയാളുടെ ഉത്തരവാദിത്തമായിരിക്കുന്നതും അങ്ങനെ എന്തെങ്കിലും നാശനഷ്ടങ്ങൾ ഉണ്ടാകുകയാണെങ്കിൽ അതിന്റെ നഷ്ടപരിഹാരം ലേലം കൊണ്ടയാളിൽ നിന്നും ഈടാക്കുന്നതുമായിരിക്കും.

ലേലം റദ്ദു ചെയ്യുന്നതിനും, മാറ്റി വയ്ക്കുന്നതിനും, സ്ഥിരപ്പെടുത്തുന്നതിനുമുള്ള പൂർണ്ണ അധികാരം സ്റ്റേഷൻ മേധാവിയിൽ നിക്ഷിപ്തമായിരിക്കും. സർക്കാർ ക്വട്ടേഷനുകൾക്ക് ബാധകമായ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമായിരിക്കും.

തടി നേരിൽക്കണ്ട് ബോധ്യപ്പെടുന്നതിന് താത്പര്യമുള്ളവർക്ക് നേരിൽ ഹാജരായാൽ ഓഫീസ് പ്രവൃത്തി സമയത്ത് അതിനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് **0469 – 2604181** എന്ന ടെലിഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

ഒപ്പ്/-
ഡോ. ഷാജൻ വി. ആർ.
പ്രൊഫസർ ആന്റ് ഹെഡ്

പകർപ്പ്:
1. കേരള കാർഷിക സർവകലാശാല വെബ്സൈറ്റ്
2. അസിസ്റ്റന്റ് പ്രൊഫസർ & ഫാം ഇൻ – ചാർജ്ജ്
3. ഫാം മാനേജർ
4. തിരുവല്ല മുൻസിപ്പൽ ഓഫീസ് നോട്ടീസ് ബോർഡിലേയ്ക്ക്
5. നെടുമ്പ്രം, കുറ്റൂർ വില്ലേജാഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
6. നെടുമ്പ്രം, കുറ്റൂർ പഞ്ചായത്ത് ഓഫീസുകളിലെ നോട്ടീസ് ബോർഡിലേയ്ക്ക്
7. സ്റ്റേഷൻ പരിസരത്തുള്ള എല്ലാ തടിമില്ലുകളിലേയ്ക്കും
8. കരുതൽ ശേഖരം